# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1020

10.06.2019-ലെ മറുപടി

## അരുവിക്കര കുപ്പിവെള്ള ഫാക്ടറി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിൽ പ്രവർത്തനം ആരംഭിക്കുവാൻ പോകുന്ന കുപ്പിവെള്ള ഫാക്ടറിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വലിയ ലാഭേച്ഛയില്ലാതെ നിലവിലെ വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ വില ഈടാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | അരുവിക്കര കുപ്പിവെള്ള ഫാക്ടറി പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സം എന്നു വ്യക്തമാക്കുമോ; | (ബി) | പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. 22/05/2019 ൽ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ് (ബി.ഐ.എസ്) ഉദ്യോഗസ്ഥർ ഫാക്ടറിയിൽ പരിശോധന നടത്തുകയും, കുപ്പികളുടെയും, വെള്ളത്തിന്റെയും സാമ്പിളുകൾ പരിശോധനക്കായി കൊണ്ടു പോയിട്ടുള്ളതുമാണ്. BIS-ന്റെ പരിശോധനാ ഫലം ലഭിക്കുന്ന മുറയ്ക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ അനുമതി കൂടി ലഭിച്ചതിനു ശേഷം ഫാക്ടറിയിൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവാക്കി ; പ്രസ്തുത ഫാക്ടറി പൂർണ്ണ സജ്ജമാകുമ്പോൾ പ്രതിദിന വിതരണശേഷി എത്രയായിരിക്കും; വിശദാംശം ലഭ്യമാക്കാമോ; | (സി) | 13.83 കോടി രൂപ<br>പ്രതിദിന വിതരണശേഷി – 1,81,028 ലിറ്റർ<br>1 ലിറ്റർ കുപ്പി – 1,15,200 എണ്ണം<br>2 ലിറ്റർ കുപ്പി – 1600 എണ്ണം<br>½ ലിറ്റർ കുപ്പി – 16,456 എണ്ണം |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | 20 ലിറ്റർ ജാർ - 2720 എണ്ണം |
| (ഡി) | അരുവിക്കരയിൽ ഉല്പാദിപ്പിക്കുന്ന കുപ്പി വെള്ളം എത്ര തുകയ്ക്ക് വിൽക്കുവാൻ ഉദ്ദേശിക്കുന്നു; ഇത് എപ്പോൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. വിശദാംശം ലഭ്യമാക്കാമോ; | (ഡി) | വിലനിരക്ക് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. BIS, FSSAI എന്നീ ലൈസൻസുകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഉൽപ്പാദനം തുടങ്ങാനാവൂ. |
| (ഇ) | പ്രസ്തുത ഫാക്ടറി തുറക്കുന്നതിൽ മനപ്പൂർവ്വമായ കാലതാമസം ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ജനങ്ങൾക്ക് കുപ്പിവെള്ളം കുറഞ്ഞ നിരക്കിൽ ഉടൻ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇല്ല, വലിയ ലാഭേച്ഛയില്ലാതെ വിപണിയിൽ നിലവിലുള്ള നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ 2019 ആഗസ്റ്റ് മാസത്തോട് കൂടി കുപ്പിവെള്ളം ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**